കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെയ്യാറ്റിൻകര നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.എം.എൽ. 1848/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

Phone No: 0471-2331231

Email: lfadtvm@yahoo.in

തീയതി : 20.9.2017

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

നെയ്യാറ്റിൻകര നഗരസഭ

സർ,

വിഷയം: നെയ്യാറ്റിൻകര നഗരസഭ - 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെയ്യാറ്റിൻകര നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമരശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി

പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്:</u>

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.

5) കാര്യാലയ പകർപ്പ്

കെ.എസ്.എ.റ്റി.വി.എം.എം.എൽ.1848/2017 തീയതി : 20.9.2017

## <u>തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ നഗരപാലിക നിയമം - വകുപ്പ് 295(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.10.2016 മുതൽ 20.08.2017 വരെ നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ വഴി അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

*(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>*

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വി എം മോഹനൻ പിള്ള,<br>ജോയിന്റ് ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.08.2017മുതൽ 29.08.2017 വരെ |

*ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ*

| | |
|---|---|
| ശ്രീമതി ലതാകുമാരി.എം. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സഞ്ജയ് .പി.ഐ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ജയലക്ഷ്മി.ബി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി സീന.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷിംജി | ഓഡിറ്റർ |

*(ബി) നിർവ്വഹണാധികാരികൾ*

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി ഡബ്ല്യു.ആർ.ഹീബ | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ശ്രീകാന്ത്.എ.എസ് | 01.04.2016മുതൽ 31.03.2017വരെ |

| *നിർവ്വഹണ ഉദ്യോഗസ്ഥർ* | | |
|---|---|---|
| *ഉദ്യോഗപ്പേര്* | *പേര്* | *കാലയളവ്* |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.കെ.വി.രാധാകൃഷ്ണൻനായർ<br>ശ്രീ. മധുകുമാർ<br>ശ്രീ.ജയകുമാർ | 01-04-16 മുതൽ 31.05.16വരെ<br>1.6.2016മുതൽ 24.7.2016വരെ |

| | | |
|---|---|---|
| | ശ്രീ.ബിജു .ബി.പി | (ചാർജ്ജ്)<br>25.07.16മുതൽ 13.03.17വരെ<br>13.03.17മുതൽ 31.03.17വരെ |
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ. ഡേവിഡ് ജോൺ ഡി മോറിസ്<br>ശ്രീ.പ്രസന്നഭാസ് | 1.4.2016മുതൽ 23.9.2016വരെ 24.9.2016മുതൽ 31.03.17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജയനേന്ദ്രദാസ് | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.പത്മകുമാരി പി.ആർ | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ഡോ.ലിനി.എം.എസ് | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.ഷീല മേബ് ലെറ്റ് | 01.04.16മുതൽ 31.03.17വരെ |
| കൃഷി ഓഫീസർ<br>നെയ്യാറ്റിൻകര | ശ്രീ.കെ.എം.അനിൽകുമാർ | 01.04.16മുതൽ 31.03.17വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.സുനിൽ | 01.04.16മുതൽ |

| | | |
|---|---|---|
| പെരുമ്പഴുതൂർ | | 31.03.17വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷൈലജ | 01.04.16മുതൽ 31.03.17വരെ |
| പ്രിൻസിപ്പൽ (GBHSS നെയ്യാറ്റിൻകര) | ശ്രീമതി.ജോയ് ജോൺസ് | 01.04.16മുതൽ 31.03.17വരെ |
| പ്രോജക്ട് ഓഫീസർ | ശ്രീ.അജി ആർ | 01.04.16മുതൽ 31.03.17വരെ |
| വെറ്റിനറി സർജൻ | ഡോ.ആർ വേണുഗോപാൽ | 01.04.16മുതൽ 31.03.17വരെ |
| എസ്.സി.ഡി.ഒ. | ശ്രീമതി.ഗീത | 01.04.16മുതൽ 31.03.17വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം 2 | | | |
| 12 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ | 2-1 | |
| 13 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത-57204/-രൂപ നഗരസഭയ്ക്ക് നഷ്ടം | 2-2 | |
| 14 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്. | 2-3 | |

| | | | |
|---|---|---|---|
| 15 | മൊബൈൽ ടവറുകളിൽ നിന്നു വസ്തു നികുതി ഈടാക്കേണ്ടതാണ്. | 2-4 | |
| 16 | തൊഴിൽ നികുതി- അപാകതകൾ | 2-5 | |
| 17 | ലേലം- കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-6 | |
| 18 | വാടക ഈടാക്കിയിട്ടില്ല | 2-7 | |
| 19 | വാടക സമയബന്ധിതമായി ഉയർത്തിയിട്ടില്ല | 2-8 | |
| 20 | അഡ്വാൻസ് തുകകൾ തിരിച്ചടച്ചിട്ടില്ല | 2-9 | |
| 21 | ചട്ടവിരുദ്ധമായി തുകകൾ എഴുതിതള്ളി | 2-10 | |
| 22 | അക്ഷയ ഷോപ്പിംഗ് കോംപ്ലകസ്- വാടക ഈടാക്കുന്നതിലെ അപാകതകൾ | 2-11 | |
| 23 | ഡി&ഒ ലൈസൻസ്- അപാകതകൾ | 2-12 | |
| 24 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും | 2-13 | |
| 25 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ -സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ | 2-14 | |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്നു | | |
| ഭാഗം 3 | | | |
| 26 | മുനിസിപ്പൽ എൻജിനീയർ നടപ്പാക്കിയ പദ്ധതികൾ - അംഗീകാരം ലഭിച്ചത് 181 നടപ്പാക്കിയത് 108 | 3-1 | |
| 27 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 3-2 | |
| 28 | പദ്ധതിലക്ഷ്യം കൈവരിക്കുന്നില്ല- നടപടി കൈക്കൊള്ളേണ്ടതാണ് | 3-3 | |
| 29 | വർക്കേഴ്സ് വെൽഫെയർ ഫണ്ട് പിരിച്ചെടുക്കുന്നില്ല- നടപടി കൈക്കൊള്ളേണ്ടതാണ് | 3-4 | |
| 30 | വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം -പദ്ധതി ലക്ഷ്യം കണ്ടില്ല. 13000/-രൂപ നിരാകരിക്കുന്നു | 3-5 | |
| 31 | കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകൾ- വ്യക്തമായ രേഖകളുടെ | 3-6 | |

| | | | |
|---|---|---|---|
| | അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | | |
| 32 | മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ- അപാകതകൾ | 3-7 | |
| 33 | മരുന്നു ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 3-8 | |
| 34 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമല്ല | 3-9 | |
| ഭാഗം 4 | | | |
| 35 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |

| | | | |
|---|---|---|---|
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം (4-8.എ മുതൽ ഇ വരെ) | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

നെയ്യാറ്റിൻകര നഗരസഭയുടെ 2016-17 വർഷത്തെ ബജറ്റ് 28.06.2016-ൽ കൂടിയ നഗരസഭാ യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ആകെ വരവ് മുന്നിരിപ്പുൾപ്പടെ 1,53,37,95,912/-രൂപയും ആകെ ചെലവ് 1,44,53,22,050/- രൂപയുമാണ്.

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു | | |

## 1-4 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യപത്രിക കൃത്യതയോടെ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ആകെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ നിജസ്ഥിതി കണക്കാക്കാൻ ഓഡിറ്റിന് സാധിച്ചില്ല.

## 1-5 ഫണ്ട് വിനിയോഗം (വാർഷികധനകാര്യപത്രിക പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 62451208 | 62451208 | 62451208 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 23201216 | 23201216 | 23201216 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3214197 | 3214197 | 3214197 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 17566519 | 17566519 | 17566519 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 83648851 | 83648851 | 83648851 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2150973 | 2150973 | 2150973 | 0 |
| ബി. ഫണ്ട് | 0 | 2429360 | 2429360 | 2429360 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 280530187 | 157 | 192232964 | -- | -- | -- |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം (സ്ഥാപനം | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| | | സമർപ്പിച്ച രേഖകൾ പ്രകാരം) | |
| *നികുതി വരവുകൾ* | | | |
| തൊഴിൽ നികുതി | 9309136 | 1026334 | 8282802 |
| കെട്ടിട നികുതി | 11038855 | 1348572 | (-)9690283 |
| വിനോദനികുതി | 145437 | 159002 | 13565 |
| പരസ്യനികുതി | 89934 | 54285 | (-)35649 |
| ഷോപ്പിംഗ് കോംപ്ലക്സ്, ലേലം | 10543248 | 1449097 | (-)9094151 |
| ഡി ആൻഡ് ഒ ലൈസൻസ് | 645577 | 9502804 | 8857227 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1779360 | 1049 |
| കർഷകതൊഴിലാളി പെൻഷൻ | 11760310 | 1441 |
| വിധവാപെൻഷൻ | 29261675 | 2524 |
| വാർദ്ധക്യകാലപെൻഷൻ | 36367590 | 4665 |
| വികലാംഗപെൻഷൻ | 9260210 | 874 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 650000 | 23 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 1609960 | 132 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2017-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 28,000/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഓഡിറ്റ് എൻക്വയറികൾക്ക് യഥാസമയം മറുപടി നൽകിയിട്ടില്ല. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഡി.&ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം ആവശ്യമായ നിരാക്ഷേപ സർട്ടിഫിക്കറ്റുകളും മറ്റ് അനുബന്ധരേഖകളും സൂക്ഷിക്കുന്നില്ല. അക്കൗണ്ട്സ് പരിശോധനയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിന് ജീവനക്കാരുടെ ഭാഗത്തുനിന്ന് വ്യക്തമായ സേവനം ലഭിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. നിർവ്വഹണഉദ്യോഗസ്ഥർ പദ്ധതി നടപ്പാക്കി മോണിറ്ററിംഗ് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വസ്തുനികുതി നിർണ്ണയത്തിന് സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-11-2011 | 2009-10 | 27.1.2012 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-02-2015 | 2013-14 & 2014-15 | 04-06-2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ

2016-17-ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന

അപാകതകൾ കാണുന്നു.

1. വരവിനേക്കാൾ (4,82,03,301) അധികം ചെലവ് (20,90,34,056) കാണിച്ചിരിക്കുന്നു.
2. ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിൽ 35,81,844/- രൂപ A/c no.075305001453(ICICI Bank) -ൽ വന്നിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശം ഉൾപ്പെട്ടിട്ടില്ല.
3. PMAY പദ്ധതിക്കായി 22,00,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക മാറി Canara Bank A/c no.0716132000014 -ൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശം ധനകാര്യപത്രികയിൽ ഇല്ല.
4. I&E Statement-ൽ ബി.ഫണ്ട് ഡി.ബി.റ്റി. വരവ്-ചെലവ് (Agricultural Labour Pension-11760310, Old Age Pension-36367590, Disability Pension- 9260210, Pension for the Unmarried Women above 50 Yrs.-1609960, Widow pension- 29261675) വിവരം ഉൾപ്പെടുത്തിയിട്ടില്ല.
5. AUEGS വരവ് -ചെലവ് വിവരം ഉൾപ്പെടുത്തിയിട്ടില്ല.
6. B-9 Schedule-ൽ ഉൾപ്പെട്ടിരിക്കുന്ന Liability in respect of stale cheque(474,640) -ന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല.
7. Balance Sheet B-18 Schedule-ൽ Imprest(200/- രൂപ) ഉൾപ്പെടുത്തിയിട്ടില്ല.
8. B-21 Schedule പ്രകാരം 20,63,660/- രൂപ എഴുതിതള്ളിയിട്ടുണ്ട് (Property Tax-16,61,327, Professional Tax- Institutions-98,744, Licence Fees -39,719, Rent receivable from Civic Amenitie- 1,76,259, Out standing other Rent Receivable- 8,76,111) ആയതിന് 1999-ലെ കേരള മുനിസിപ്പാലിറ്റി (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിതള്ളൽ) ചട്ടങ്ങൾ ചട്ടം.3 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.
9. B4 ഷെഡ്യൂളിൽ ഗുണഭോക്തൃവിഹിതം 2621537/-രൂപ ബാക്കിനിൽക്കുന്നു. ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.
10. B5 ഷെഡ്യൂളിൽ ഉൾപ്പെട്ട "Loan from KURDFC" ബാലൻസ് (46,93,50,993/-) ബന്ധപ്പെട്ട രേഖകളുമായി (55,55,47,622/-) പൊരുത്തപ്പെടുന്നില്ല.
11. B12 ഷെഡ്യൂൾ പ്രകാരം Fixed Deposit 51,60,520/- രൂപ. എന്നാൽ ബന്ധപ്പെട്ട രേഖകൾ പ്രകാരം 66,25,344/- രൂപ.
12. തൻവർഷം പിൻവലിച്ച സ്ഥിരനിക്ഷേപം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
13. B17 ഷെഡ്യൂൾ പ്രകാരം വാർഷിക ധനകാര്യപത്രികയിൽ 51അക്കൌണ്ടുകൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. 9 അക്കൗണ്ടുകളുടെ പാസ്സ് ബുക്ക് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. മേൽ പാസ്സ് ബുക്കുകൾ ഏത് അക്കൗണ്ടിന്റേതാണെന്ന് വ്യക്തമല്ല.

14. B17 ഷെഡ്യൂൾ പ്രകാരം State Bank of Travancore(code-450210100), Indian Overseas Bank (code-450610900) നീക്കിയിരുപ്പ് നെഗറ്റീവ് കാണിച്ചിരിക്കുന്നു .
15. മുനിസിപ്പൽ ഏ.ഇ. പാർട്ട്പേയ്മെന്റ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
16. ഡെപ്പോസിറ്റ് രജിസറ്റർ സൂക്ഷിച്ചിട്ടില്ല.
17. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
18. സ്റ്റോക്ക് രജിസറ്റർ കാലികമാക്കിയിട്ടില്ല.
19. B4 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന 169,17,226/-, 5,00,000/-, 27,300/-, 31,856,92/-, 84,674/- എന്നീ തുകകൾ ഏത് അക്കൗണ്ടിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ആയതിന്റെ വിശദാംശം ലഭിച്ചിട്ടില്ല.
20. I&E Statement-ൽ ബി.ഫണ്ട് ഡി.ബി.റ്റി. വരവ്-ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.
21. B6 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുകയുടെ വിശദാംശം നൽകേണ്ടതാണ്.
22. "Code no.110900110 Tax Remission & Refund – Service Cess - 138/-" I&E സ്റ്റേറ്റ്മെന്റിൽ Schedule-1-1, Shedule-1-1(a) എന്നിവയിൽ ഉൾപ്പെട്ടിരിക്കുന്നു.
23. I-6 Schedule-ൽ ഉൾപ്പട്ടിട്ടുള്ള Grant for festivals(30,000/-), other revenue grants(5,82,800/-), Re-imbursement of expenses(13,89,022/-), Beneficiary Contribution(6000/-) എന്നിവയുടെ അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
24. വരവിനങ്ങളുടെ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ വിവിധ വരവുകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
25. Trial Balance പ്രകാരം General Fund, Excess of income over expenditure എന്നിവ യഥാക്രമം 146168650.07, 343574653.86 എന്നിങ്ങനെയാണ്. എന്നാൽ B1 Schedule-ൽ ഇവ യഥാക്രമം 489743303.93, 160830755 എന്നിങ്ങനെയാണ്.
26. അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
27. RP-6 -ൽ ഉൾപ്പട്ടിട്ടുള്ള Special Grants(233600/-), Grant for festivals(30000/-), Other revenue grants(582800/-), Re-imbursement of expenses (1389022/-) എന്നീ വരവിനങ്ങളുടെ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.
28. വാർഷികധനകാര്യപത്രിക RP-29 പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിലെ വരവ് 1124333/-രൂപയാണ് . എന്നാൽ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയത് 1599333/- രൂപയാണ്.

## **2-2** <u>വസ്തു നികുതി നിർണ്ണയത്തിൽ അപാകത-**57204/-**രൂപ നഗരസഭയ്ക്ക് നഷ്ടം</u>

കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങൾ 1.04.2011 ലെ 17/2011ഉത്തരവ് പ്രകാരം നിലവിൽ വന്നു. നെയ്യാറ്റിൻകര നഗരസഭയുടെ 1.08.2011 ലെ സാധാരണ കൗൺസിൽ തീരുമാനപ്രകാരം 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഗോഡൗൺ എന്നിവയുടെ വസ്തു നികുതി നിരക്ക് ച.മീറ്ററിനു 85/-രൂപയും 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ ,ഷോപ്പിംഗ് മാളുകൾ എന്നിവയുടെ വസ്തു നികുതി നിരക്ക് ച.മീറ്ററിനു 130/-രൂപയുമാണെന്നിരിക്കെ ചുവടെ ചേർക്കുന്ന വാണിജ്യസ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിലാണ് വസ്തു നികുതി ഈടാക്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | വസ്തുവിന്റെ വിസ്തീർണ്ണം | ഈടാക്കേണ്ട ആകെ വസ്തു നികുതി (നിരക്ക്) | ഈടാക്കിയ ആകെ വസ്തുനികുതി (നിരക്ക്) | വ്യത്യാസം |
|---|---|---|---|---|---|
| 1 | PP I/555 B | 278.25 ച.മി | 33279/-രൂപ(130/-) [278.25x130=36172-(20% ഇളവ് )7234 =28938+1447(LC 5%)+2894(SC 10%)=33279/-] | 21759/-രൂപ(85/-) [278.25x85=23651-(20% ഇളവ് )4730 =18921+946(LC5%)+1892(SC 10%)=21759/-] | 11520/-രൂപ |
| 2 | PP I/555 C | 344.45 ച.മി | 41196/-രൂപ (130/-) [344.45x130=44779-(20% ഇളവ് )8956 =35823+1791(LC 5%)+3582(SC 10%)=41196/-] | 26935/-രൂപ (85/-) [344.45x85=29278-(20% ഇളവ് )5856 =23422+1171(LC 5%)+2342(SC 10%)=26935/-] | 14261/-രൂപ |
| 3 | NMC XVI/14.E | 255.63 ച.മി | 42038/-രൂപ (130/-) [255.63x130=33232-(10%ഇളവ് ) 3323+(20% വർദ്ധനവ് )+6646 =36555+1828(LC 5%)+3655(SC 10%)=42038/-] | 27487/-രൂപ (85/-) [255.63x85=21729-(10%ഇളവ് ) 2173+(20% വർദ്ധനവ് ) +4346 =23902+1195(LC 5%)+2390(SC 10%)=27487/-] | 14551/-രൂപ |
| 4 | NMC XVI/8 B | 154.18 ച.മി | 18085/-രൂപ (85/-) [154.18x85=13105+(20%വർദ്ധനവ് ) 2621=15726+786(LC | 12763/-രൂപ (60/-) [154.18x60=9251+(20%വർദ്ധനവ് ) 1851=11102+551(LC | 5322/-രൂപ |

| | | | | | |
|---|---|---|---|---|---|
| | | | 5%)+1573(SC 10%)=18085/-] | 5%)+1110(SC 10%)=12763/-] | |
| 5 | NMC XVI/8 B | 154.18 ച.മി | 18085/-രൂപ (85/-) [154.18x85=13105+ (20%വർദ്ധനവ്) 2621=15726+786(LC 5%)+1573(SC 10%)=18085/-] | 12763/-രൂപ (60/-) [154.18x60=9251+ (20%വർദ്ധനവ്) 1851=11102+551(LC 5%)+1110(SC 10%)=12763/-] | 5322/-രൂപ |
| 6 | NMC XVI/8 C | 180.54 ച.മി | 21178/-രൂപ (85/-) [180.54x85=15346+ (20%വർദ്ധനവ്) 3069=18415+921(LC 5%)+11842(SC 10%)=21178/-] | 14950/-രൂപ (60/-) [180.54x60=10833+ (20%വർദ്ധനവ്) 2167=13000+650(LC5%)+1300(SC 10%)=14950/-] | 6228/-രൂപ |
| ആകെ | | | | | 57204/- |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 1 നുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങൾ വാണിജ്യാവശ്യങ്ങൾക്കുള്ള ഷോപ്പുകളാണെന്നും സൂപ്പർ മാർക്കറ്റുകളോ , ഷോപ്പിംഗ് മാളുകളോ അല്ലായെന്നുള്ള മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പ്ലാൻ പ്രകാരം ഇവയെല്ലാം തന്നെ ഷോപ്പിംഗ് കോംപ്ലക്സുകളാണെന്നു വ്യക്തമായതിനാൽ മേൽ തുക വ്യക്തികളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്.

1994-ലെ കേരള മുനിസിപ്പൽ ആക്ട് 235ാം വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും സെക്രട്ടറി വസ്തുനികുതി ചുമത്തേണ്ടതാണ്. സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസത്തിനു മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ മാത്രം താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

എന്നാൽ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നം/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | NMC IV /255 | ദന്തൽ കോളേജ് |
| 2 | NMC IV/255 Q | നേഴ്സിംഗ് കോളേജ് |
| 3 | NMC IV/255 T | നേഴ്സിംഗ് കോളേജ് |
| 4 | NMC IV/255 M | നേഴ്സിംഗ് കോളേജ് |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 4 നുള്ള മറുപടിയിൽ സർക്കാർ അംഗീകൃത സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനമായതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയട്ടില്ലായെന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. 1.8.2011 -ലെ സാധാരണ കൗൺസിൽ തീരുമാനപ്രകാരം വിദ്യാഭ്യാസ ആവശ്യത്തിനുള്ള സ്ഥാപനങ്ങളിൽ നിന്നും ച.മീറ്ററിനു 15/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളിൽ നിന്നു വസ്തു നികുതി ഈടാക്കുന്നതിൽ വീഴ്ച നഗരസഭയ്ക്ക് വൻ നഷ്ടം

കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങൾ 1.04.2011 ലെ 17/2011ഉത്തരവ് പ്രകാരം നിലവിൽ വന്നു. നെയ്യാറ്റിൻക്കര നഗരസഭയുടെ 1.08.2011 ലെ സാധാരണ കൗൺസിൽ തീരുമാനപ്രകാരം മൊബൈൽ ടവറുകൾക്ക് 500/- രൂപ നിരക്കിലാണ് വസ്തു നികുതി ഈടാക്കേണ്ടത്. നഗരസഭ പരിധിയിൽ 23മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 5 എണ്ണം മാത്രമാണ് പുതുക്കിയ നിരക്കിൽ നികുതി ഒടുക്കുന്നത് . മറ്റുള്ളവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം / കെട്ടിട നം | മൊബൈൽ ടവറിന്റെ പേര് | വർഷം |
|---|---|---|---|
| 1 | NMC II/308(1) | BSNL | 2011-12വർഷം മുതൽ |

| | | | |
|---|---|---|---|
| 2 | NMC III/361(1) | Idea | 2011-12വർഷം മുതൽ |
| 3 | NMC V/245(1) | Reliance | 2011-12വർഷം മുതൽ |
| 4 | NMC VI/611(1) | India Telecom | 2011-12വർഷം മുതൽ |
| 5 | NMC XIV/192(1) | Reliance | 2011-12വർഷം മുതൽ |
| 6 | NMC XIII/270(1) | Tata tele services | 2011-12വർഷം മുതൽ |
| 7 | NMC VII/ 321(B) | Tower vision | 2011-12വർഷം മുതൽ |
| 8 | NMC V/436(B) | Wireless ITL | 2011-12വർഷം മുതൽ |
| 9 | NMC XIII/220(D) | Tata tele services | 2011-12വർഷം മുതൽ |
| 10 | NMC XVII/100(P) | Indus Towers | 2016-17 |
| 11 | NMC XV/194 (B) | Indus Towers | 2016-17 |
| 12 | NMC XII /410(A) | Indus Towers | 2016-17 |

| | | | |
|---|---|---|---|
| 13 | NMC XVIII/41 (K) | Indus Towers | 2011-12 വർഷം മുതൽ |
| 14 | PP I/ 856.B | Indus Towers | 2011-12 വർഷം മുതൽ |
| 15 | PP VII/442(1) | Reliance Communications | 2011-12 വർഷം മുതൽ |
| 16 | PP XII/ 67(1) | Dishnet | 2011-12 വർഷം മുതൽ |
| 17 | PP VI /164 A | Indus Towers | 2011-12 വർഷം മുതൽ |
| 18 | PP V /838.C | Indus Towers | 2011-12 വർഷം മുതൽ |

മേൽ പരാമർശിച്ചവയുടെ പ്ലിന്ത് ഏര്യ കണക്കാക്കി പുതുക്കിയ നിരക്കിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി- അപാകതകൾ

2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം 10 പ്രകാരം നഗരസഭാ പ്രദേശത്തെ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നെയ്യാറ്റിൻകര നഗരസഭയിൽ ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ നഗരസഭാപ്രദേശത്ത് തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നുള്ള വിവരം ലഭ്യമല്ല.

i. തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയതായി കാണുന്നു.

| ക്രമ നം | പേര് | സ്ഥാപനത്തിന്റെ പേര്, രശീത് നം/ തീയതി | ആകെ വരുമാനം | അർദ്ധ വർഷം | അടവാക്കിയ തുക | അടവാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | സന്ധ്യ പി. കെ | ഗവ. എച്ച്. എസ്. പെരുമ്പഴുതൂർ, 5866/5.10.16 | 190968 | I | 1000 | 1250 | 250 |
| | | 798/26.4.17 | | II | 1000 | 1250 | 250 |
| 2 | ദീപുകുമാർ. ആർ | ഗവ. എച്ച്. എസ്. പെരുമ്പഴുതൂർ, 5866/5.10.16 | 168384 | I | 1000 | 1250 | 250 |
| | | 798/26.4.17 | 146748 | II | 1000 | 1250 | 250 |
| 3 | മിനി.ബി | ഗവ. എച്ച്. എസ്. പെരുമ്പഴുതൂർ, 5866/5.10.16 | 168384 | I | 1000 | 1250 | 250 |
| 4 | സുരേഷ് ബാബു | കെഎസ്ആർടിസി നെയ്യാറ്റിൻകര, 147715/30.9.16 | 127350 | I | 1000 | 1250 | 250 |
| 5 | പ്രദീപ് കുമാർ എൻ | ശ്രീരാം ട്രാൻസ്പോർട്ട് ഫൈനാൻസ് കമ്പനി ലിമിറ്റഡ്. 13673/28.3.17 | 136657 | II | 1000 | 1250 | 250 |
| 6 | സുബിൻ ടി | ,, | 129692 | II | 1000 | 1250 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | സുമേഷ് എസ് | ,, | 85773 | II | 600 | 750 | 150 |
| 8 | അജിത എ | ,, | 85860 | II | 600 | 750 | 150 |
| 9 | ഗിരീഷ് എസ് | ,, | 87002 | II | 600 | 750 | 150 |
| 10 | രാജശേഖരൻ എസ് | ,, | 79070 | II | 600 | 750 | 150 |
| 11 | മുകേഷ് ആർ | ,, | 137253 | II | 1000 | 1250 | 250 |
| 12 | സുധേൻ എസ് | ,, | 112680 | II | 750 | 1000 | 250 |
| 13 | പ്രശാന്ത് ബി നായർ | ,, | 101387 | II | 750 | 1000 | 250 |
| 14 | ക്രിസ്തുദാസ് എസ് | ,, | 73403 | II | 600 | 750 | 150 |
| 15 | രാജേഷ് ബി എസ് | ,, | 66120 | II | 450 | 600 | 150 |
| 16 | സുനിൽകുമാർ എസ് | ,, | 62520 | II | 450 | 600 | 150 |
| 17 | അജീഷ് എ | ,, | 62272 | II | 450 | 600 | 150 |
| 18 | ബിനീഷ് വി | ,, | 62319 | II | 450 | 600 | 150 |
| 19 | സവിത വി രാജ് | വയോമിത്രം, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, നെയ്യാറ്റിൻകര. 13157/15.3.17 | 134400 | II | 1000 | 1250 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| 20 | ശ്രീലേഖ എസ് | ഗവ.എം ടി എച്ച് എസ് ഊരൂട്ടുകാല. 12270/28.2.17 | 133980 | II | 1000 | 1250 | 250 |

ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തുക പിരിച്ചടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

ii. <u>സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

തൻവർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കെ. എസ്. എഫ്. ഇ നെയ്യാറ്റിൻകര | II |
| 2 | മുത്തൂറ്റ് ഫിൻ ലിമിറ്റഡ്, ഓലത്താന്നി | II |
| 3 | കോ ഓപ്പറേറ്റിവ് സൊസൈറ്റി, മുള്ളലുവിള | I,II |
| 4 | മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേറ്റിവ് സൊസൈറ്റി, ഇരുമ്പിൽ | I,II |
| 5 | മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ | I,II |

| | | |
|---|---|---|
| | ഓപ്പറേറ്റിവ് സൊസൈറ്റി, മരുതത്തൂർ | |
| 6 | തലയിൽ റസിഡൻഷ്യൽ കോ ഓപ്പറേറ്റിവ് സൊസൈറ്റി | I |
| 7 | നിംസ്, പുത്തനമ്പലം | I,II |
| 8 | പോപ്പുലർ വെഹിക്കിൾ, നെയ്യാറ്റിൻകര | I,II |
| 9 | ആഡം ഫിനാൻസ്, തൊഴുക്കാട് | I,II |
| 10 | എസ് ബി ടി, നെയ്യാറ്റിൻകര | I,II |
| 11 | മുത്തൂറ്റ് സിൻഡിക്കേറ്റ് നിധി | I,II |
| 12 | കാത്തോലിക്ക് സിറിയൻ ബാങ്ക് | I,II |
| 13 | കൊമേഴ്ഷ്യൽ ഡെവലപ്പ്മെന്റ് കോ ഓപ്പറേറ്റിവ് സൊസൈറ്റി | I,II |
| 14 | ഓറിയന്റൽ ഇൻഷൂറൻസ് | I,II |
| 15 | സിൻഡിക്കേറ്റ് ബാങ്ക് | II |

| | | |
|---|---|---|
| 16 | എൽ എം എസ് എംപ്ലോയീസ് കോപ്പറേറ്റിവ് സൊസൈറ്റി, അരശ്ശുമൂട് | I |
| 17 | ബ്ലൂ ചിപ്പ് കോ-ഓപ്പറേറ്റിവ് ഇൻസ്ട്രുമെന്റ് സെന്റർ, അരശ്ശുമൂട് | I |
| 18 | സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസ്, അരശ്ശുമൂട് | II |
| 19 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | I,II |
| 20 | ഐ സി ഐ സി ഐ ബാങ്ക് | I,II |
| 21 | മഹീന്ദ്രാ & മഹീന്ദ്രാ ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് | I |
| 22 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ്. | II |
| 23 | കെ എസ് ആർ ടി സി, നെയ്യാറ്റിൻകര | I,II |
| 24 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | I,II |

| | | |
|---|---|---|
| 25 | മാർജിൻ ഫ്രീ മാർക്കറ്റ്, വാർഡ് XV | I,II |
| 26 | ടൈംസ്, വാർഡ് XV | I,II |
| 27 | ഗവ. ടീച്ചേഴ്സ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി, വാർഡ് XV | I,II |
| 28 | സിൻഡിക്കേറ്റ് ബാങ്ക്, തണ്ണിമ്മൂട് | I,II |
| 29 | നെയ്യാറ്റിൻകര സർവ്വീസ് സൊസൈറ്റി, വാർഡ് XX | I,II |
| 30 | ഇന്ത്യൻ ബാങ്ക്, പെരുമ്പഴുതൂർ | I,II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-6 ലേലം- കുടിശ്ശിക ഈടാക്കിയിട്ടില്ല

തൻവർഷം നഗരസഭയുടെ ഉടമസ്ഥതയിലുള്ള അക്ഷയ പാർക്കിംഗ്, ആശുപത്രി ജംഗ്ഷൻ ഡോർമിറ്ററി എന്നിവ ലേലത്തിൽ കൊണ്ട വ്യക്തികൾ ലേലത്തുകമുഴുവനും ഒടുക്കിയിട്ടില്ല. കരാർ പ്രകാരം ലേലത്തുകയുടെ ഒന്നാം ഗഡു മാർച്ച് 31-നകവും, രണ്ടാം ഗഡു ജൂൺ 30-നകവും, മൂന്നാം ഗഡു സെപ്റ്റംബർ 30-നകവും, നാലാം ഗഡു ഡിസംബർ 31-നകവും നഗരസഭയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം തുക ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ലേല വസ്തു | ലേലം കൊണ്ട വ്യക്തി | ലേല തുക | ഒടുക്കിയ തുക | ഈടാക്കാനവശേഷിക്കുന്ന തുക |
|---|---|---|---|---|
| ആശുപത്രി ജംഗ്ഷൻ ഡോർമിറ്ററി | ശ്രീ.വാസുദേവൻ, വി.എസ്.ഭവൻ, താന്നിമൂട്, അമരവിള | 3,97,000/- | 99,250/- | 2,97,750/- |

| | | | | |
|---|---|---|---|---|
| അക്ഷയ പാർക്കിംഗ് | ശ്രീ.ജി.മണിയൻ, എം.എ.കോട്ടേജ്, മഞ്ചവിളാകം | 62,000/- | 31,000/- | 31,000/- |
| ആകെ | | | | 3,28,750/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/ 24.08.17) ആശുപത്രി ജംഗ്ഷൻ ഡോർമിറ്ററി ലേലം കൊണ്ട വ്യക്തിയിൽ നിന്നും തുക ഈടാക്കുന്നതിന് RRനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പിരിച്ചെടുക്കാനവശേ ഷിക്കുന്ന തുക പലിശ ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 2-7 വാടക ഈടാക്കിയിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ കടമുറികൾ ലേലംകൊണ്ട വ്യക്തികൾ വാടകയിനത്തിൽ വൻകുടിശ്ശിക വരുത്തിയിരിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | വാടക ഒടുക്കാനവശേഷിക്കുന്ന കാലയളവ് |
|---|---|---|---|
| ടൗൺ മാർക്കറ്റ് സ്റ്റാൾ റൂം | | | |
| 1 | 1 | ശ്രീ.നാസ്സറുദ്ദീൻ | 11/15 മുതൽ 03/17 വരെ |
| 2 | 2 | ശ്രീ.നാസ്സറുദ്ദീൻ | 04/16 മുതൽ 03/17 വരെ |
| 3 | 3 | ശ്രീ.സലിം | 11/16 മുതൽ 03/17 വരെ |
| 4 | 7 | ശ്രീ.നിസ്സാർ.എം | 04/16 മുതൽ 03/17 വരെ |
| 5 | 10 | ശ്രീ.നിസ്സാർ.എം | 04/14 മുതൽ 03/17 വരെ |
| 6 | 11 | ശ്രീ.രാജേന്ദ്രൻ നാടാർ | 10/16 മുതൽ 03/17 വരെ |
| 7 | 14 | ശ്രീ.സുധീർ | 04/16 മുതൽ 03/17 വരെ |
| 8 | 15 | ശ്രീ.സധീർ | 04/16 മുതൽ 03/17 വരെ |
| 9 | 16 | ശ്രീ.ഷംസുദീൻ | 02/17 മുതൽ 03/17 വരെ |
| 10 | 20 | ശ്രീ.സൈനബ | 07/09 മുതൽ 03/17 വരെ |
| 11 | 22 | ശ്രീ.നസീർഖാൻ | 04/16 മുതൽ 03/17 വരെ |
| 12 | 23 | ശ്രീ.നസീർഖാൻ | 04/16 മുതൽ 03/17 വരെ |

| | | | |
|---|---|---|---|
| 13 | 24 | ശ്രീ.ജമാൽ | 04/16 മുതൽ 03/17 വരെ |
| 14 | 28 | ശ്രീ.ഒസൽഖാൻ | 04/15 മുതൽ 03/17 വരെ |
| 15 | 31 | ശ്രീ.ഒ.സുനിൽ | 04/15 മുതൽ 03/17 വരെ |
| 16 | 35,36,37,38,39 | ശ്രീ.സലിം | 11/12 മുതൽ 03/17 വരെ |
| 17 | 40 | ശ്രീ.ഷാജഹാൻ | 04/14 മുതൽ 03/17 വരെ |
| 18 | 41 | ശ്രീ.പൌളി | 04/14 മുതൽ 03/17 വരെ |
| 19 | 42,43,44,45 | ശ്രീ.കെ.നാസർ | 04/14 മുതൽ 03/17 വരെ |
| ആറാല്യംമ്മൂട് മലക്കറി ചന്ത കടമുറി | | | |
| 20 | 7 | ശ്രീ.ആർ.ചന്ദ്രബോസ് | 04/16 മുതൽ 03/17 വരെ |
| 21 | 24 | ശ്രീ.നാസർ | 04/14 മുതൽ 03/17 വരെ |
| 22 | 45 | ശ്രീ.രവീന്ദ്രൻ | 04/15 മുതൽ 03/17 വരെ |
| 23 | 60 | ശ്രീ.ഷിമോൻമണി | 04/16 മുതൽ 03/17 വരെ |
| മുനിസിപ്പൽ ലൈബ്രറി കെട്ടിടം | | | |
| 24 | 3A | ശ്രീ.വി.ബഷീർ | 03/17 |
| മുനിസിപ്പൽ മിനി ഷോപ്പിംഗ് കോംപ്ലകസ് | | | |
| 25 | G3 | ശ്രീ.ഷാജിലാൽ | 02/17 മുതൽ 03/17 വരെ |
| 26 | F7 | ശ്രീ.അനിൽകുമാർ | 08/15 മുതൽ 03/17 വരെ |
| അമരവിള ഐജോൺസ് സ്മാരക കോംപ്ലക്സ് | | | |
| 27 | NMC XIX/374 C,D | ശ്രീ.പി.വിജയകുമാരൻ | 01/17 മുതൽ 03/17 വരെ |
| 28 | NMC3744 A | ശ്രീ.രാജേന്ദ്രൻ | 01/16 മുതൽ 03/17 വരെ |
| ഓലത്താന്നി ചന്ത | | | |
| 29 | 8 | ശ്രീ.ഉസ്സൽഖാൻ | 15-16, 16-17 |
| പെരുമ്പഴുതൂർ ചന്ത കടമുറി | | | |
| 30 | PPI/975F | ശ്രീ.ഷാജി | 2/17 മുതൽ 3/17 വരെ |
| 31 | PPI/975G | ശ്രീ.ഷാജി | 2/17 മുതൽ 3/17 വരെ |
| ബങ്ക് | | | |
| 32 | Library building Bunk | ശ്രീമതി എ.ഗിരിജ | 11/16 മുതൽ 3/17 വരെ |

| | | | |
|---|---|---|---|
| 33 | Hospital Jn. Bunk 1 | ശ്രീ.വേണുഗോപാലൻ നായർ | 10/15 മുതൽ 3/17 വരെ |
| 34 | Hospital Jn. Bunk 2 | ശ്രീ.പി.രാജൻ | 4/16 മുതൽ 3/17 വരെ |
| 35 | 4 | ശ്രീമതി എം.സുജ | 10/15 മുതൽ 3/17 വരെ |
| 36 | മുനിസിപ്പൽ കാന്റീൻ | ശ്രീമതി സൂസി | 2/17മുതൽ 3/17 വരെ |

വാടക കുടിശ്ശിക ഒടുക്കുവരുത്താത്ത പക്ഷം വാടകക്കാരൻ നഗരസഭയിൽ ഒടുക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ നിന്നും തുക ഈടാക്കാനും, കടമുറി പുനർ ലേലത്തിൽ വയ്ക്കാനുമുള്ള അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 വാടക സമയബന്ധിതമായി ഉയർത്തിയിട്ടില്ല

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ചുവടെ ചേർക്കുന്ന കെട്ടിടങ്ങളിലെ കടമുറികളുടെ വാടക സമയബന്ധിതമായി പുതുക്കിയിട്ടില്ല. എല്ലാ ലൈസൻസികളിൽ നിന്നും 10% വാടക വർദ്ധനവ് വരുത്തുന്നതാണെന്ന് 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.1നുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെങ്കിലും 2016-17ലും ഇതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | 10% വർദ്ധിച്ച നിരക്കിൽ ഒടുക്കേണ്ടയിരുന്ന മാസ വാടക | ഒടുക്കിയവാടക/ കാലയളവ് |
|---|---|---|---|---|
| ടൗൺ മാർക്കറ്റ് സ്റ്റാൾ റൂം | | | | |
| 1 | 6 | ശ്രീ.സുലൈമാൻ | 1874/month | 1704 (2016-17) |
| 2 | Openspace room 4(1) | ശ്രീ.നൗഷാദ്.എ | 303/month | 275 (2016-17) |
| മുനിസിപ്പൽ ലൈബ്രറി കെട്ടിടം | | | | |
| 3 | 1 | ശ്രീ.സജി.എ | 4118/month | 3744(2016-17) |
| 4 | 2 | ശ്രീമതി മേരി ഡോറിയ ആന്റണി | 4606/month | 4187(2016-17) |
| 5 | 3 | ശ്രീമതി മേരി ഡോറിയ ആന്റണി | 8943/month | 8130(2016-17) |
| 6 | 3A | ശ്രീ.വി.ബഷീർ | 1518/month | 1380(2016-17) |
| 7 | 4 | ശ്രീമതി കുമാരിഷീല | 6072/month | 5520(2016-17) |
| 8 | 5 | ശ്രീ.രാജേഷ് | 10440/month | 9491(2016-17) |
| 9 | 6 | ശ്രീ.രാജേഷ് | 10440/month | 9491(2016-17) |
| മുനിസിപ്പൽ മിനി ഷോപ്പിംഗ് കോംപ്ലക്സ് | | | | |

| | | | | |
|---|---|---|---|---|
| 10 | G3 | ശ്രീ.ശിശുപാലൻ | 2021/month | 1837(2016-17) |
| 11 | F4,F5,F6 | ശ്രീ.എം.മാത്യു | 6254/month | 5685(2016-17) |
| അമരവിള ഐജോൺസ് സ്മാരക കോംപ്ലക്സ് | | | | |
| 12 | NMC XX/245 | ശ്രീ.എം.നിസാമുദ്ദീൻ | 6389/month | 5808(2016-17) |
| 13 | NMC 374 A,B | ശ്രീ.രാജേന്ദ്രൻ | 2574/month | 2340(2016-17) |
| 14 | NMC XIX/374 C,D | ശ്രീ.പി.വിജയകുമാരൻ | 2574/month | 2340(2016-17) |
| പെരുമ്പഴുതൂർ ചന്ത കടമുറി | | | | |
| 15 | PPI/975 F | ശ്രീ.ഷാജി | 508/month | 462(2016-17) |
| 16 | PPI/975 G | ശ്രീ.ഷാജി | 678/month | 616(2016-17) |
| 17 | PPI/975 H | ശ്രീ.ഷഹാബുദ്ദീൻ | 678/month | 616(2016-17) |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/26.08.17) ന് മറുപടി നൽകിയിട്ടില്ല. മേൽ വ്യക്തികളിൽ നിന്നും പുതുക്കിയ നിരക്കിൽ കുടിശ്ശികയുൾപ്പെടെ വാടക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-9 അഡ്വാൻസ് തുകകൾ തിരിച്ചടച്ചിട്ടില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം വിവിധ ഇനങ്ങളിൽ അഡ്വാൻസ്/ലോൺ നൽകിയ തുകകൾ തിരിച്ചടയ്ക്കാനുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ഇനം | തുക |
|---|---|
| Housing Loan to employees | 34567 |
| Vehicle loan to employees | 81932 |
| Festival advence to employees | 92000 |
| Standing Advance | 184918 |

| | |
|---|---|
| Miscellaneous Advance | 4487057 |
| Marriage Loan | 14488 |
| Electricity Advance | 14600 |

അഡ്വാൻസ്/ലോൺ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ പ്രസ്തുത തുകകളുടെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ തുകകൾ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-10 ചട്ടവിരുദ്ധമായി തുകകൾ എഴുതിതള്ളി

1999-ലെ കേരള മുനിസിപ്പാലിറ്റി (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിതള്ളൽ) ചട്ടങ്ങൾ ചട്ടം.3 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുമാത്രമേ തുകകൾ എഴുതിതള്ളാൻ പാടുള്ളൂ. എന്നാൽ വാർഷിക ധനകാര്യപത്രിക(B-21 Schedule) പ്രകാരം 20,63,660/- രൂപ എഴുതിതള്ളിയിട്ടുണ്ട് (Property Tax-16,61,327, Professional Tax-Institutions-98,744, Licence Fees -39,719, Rent receivable from Civic Amenitie-1,76,259, Out standing other Rent Receivable- 8,76,111). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടവിരുദ്ധമായി തുക എഴുതിതള്ളിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-11(ii) അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിന്റെ കടമുറികൾ വാടകയ്ക്ക് കൊടുക്കാതെ പൂട്ടിയിട്ടിരിക്കുന്നു.

അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിന്റെ കടമുറികളുടെ വാടക രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന കടമുറികൾ വാടകയ്ക്ക് കൊടുക്കാതെ പൂട്ടിയിട്ടിരിക്കുന്നതായാണ് രേഖപ്പെടുത്തലുകൾ ഉള്ളത്. പ്രസ്തുത കടമുറികൾ ലേലം/പുനർലേലം നടപടികൾ സ്വീകരിച്ച് വാടകയ്ക്ക് കൊടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം. |
|---|---|
| 1 | BF-A6 |

| | |
|---|---|
| 2 | BF A15 |
| 3 | BF C9 |
| 4 | GF A10(2) |
| 5 | GF A12 |
| 6 | FF S3 |
| 7 | FF S4 |
| 8 | FF S5 |
| 9 | FF Near JHS |
| 10 | SF 3 |

## **2-11(i)** അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് - വാടക ഡെപ്പോസിറ്റ് നഗരസഭയിൽ ഒടുക്കുന്നില്ല – അർഹമായ വാടക യഥാസമയം ഈടാക്കുന്നില്ല.

ഹഡ്കോയിൽ നിന്നും വായ്പയെടുത്ത് നിർമ്മാണം പൂർത്തിയാക്കിയ അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിലെ വാടകക്കാർ വാടകക്കരാർ വയ്ക്കുന്നതിലും, വാടക അടവാക്കുന്നതിലും, കുടിശ്ശിക അടവാക്കുന്നതിലും വീഴ്ച വരുത്തുന്നു. ഭീമമായ തുക കുടിശ്ശിക വരുത്തുകയും എഗ്രിമെന്റ് പുതുക്കുമ്പോൾ വാടകയുടെ 10% വർദ്ധിപ്പിച്ച് ആയത് ഈടാക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്നു. വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നില്ല.

വാടകക്കാരൻ കരാറിലേർപ്പെടുമ്പോൾ നിശ്ചയിച്ച ഡെപ്പോസിറ്റ് തുക മുനിസിപ്പാലിറ്റിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ അഡ്വാൻസ് തുക അടവാക്കാതിരിക്കുകയും ആയതിനുള്ള പലിശ മാത്രം പ്രതിമാസവാടകയോടൊപ്പം ഈടാക്കി വരുകയാണ് ചെയ്യുന്നത്. ഇത് സാമ്പത്തിക ക്രമക്കേടും ഗുരുതരമായ ചട്ടലംഘനവുമാണ്. മുനിസിപ്പാലിറ്റി വൻ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ വാടകക്കാരിൽ നിന്നും ഡെപ്പോസിറ്റ് തുക ഈടാക്കാതിരിക്കുന്നത് കൃത്യവിലോപമായി മാത്രമേ ഓഡിറ്റിന് കാണാൻ കഴിയൂ .

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ | സ്റ്റാൾ നം. | ഉടമയുടെ പേര് | മാസ | കാലാവധി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം. | | | വാടക | |
| 1 | BF-A5 | ക്രിസ്തുദാസ്, ജ.യഭവൻ, കടവട്ടാരം | 7919/- | 3/17 മുതൽ |
| 2 | BF-A7 | ശബരീഷ്, ശബരിഗിരി , റ്റിസി139/1612 കിള്ളിപ്പാലം | 6667/- | 2/17 മുതൽ |
| 3 | BF-A9 | എഡ്വിൻ രാജ്, ചിത്രാഞ്ജാലി, തൊഴുക്കൽ, നെയ്യാറ്റിൻകര | 5815/- | 11/13 മുതൽ 4/16 വരെ |
| 4 | BF-A10(A) | പി. ബിനുകുമാർ, ഗൈമ, കീഴ്ക്കൊല്ല, വട്ടവിള | 4554/- | 2/17 മുതൽ 3/17 വരെ അടവാക്കിയിട്ടില്ല. |
| 5 | BF-A10(B) | എ. ടിങ്കു,<br>മാനേജിംഗ് പാർട്നർ ,<br>അനിൽഎന്റർപ്രൈസസ്, ആറ്റിങ്ങൽ | 4067/- | 10/16 മുതൽ 3/17 അടവാക്കിയിട്ടില്ല. |
| 6 | BF-A11(1) | പി. ദാമോദരൻ നായർ, മരുതത്തൂർ | 5260/- | 4/16 മുതൽ 3/17 വരെ |
| 7 | BF-A12 | പ്രജീഷ് കുമാർ, ഗ്രേഡ് കോട്ടേജ്, ആർ.സി. സ്ട്രീറ്റ്, നെയ്യാറ്റിൻകര | 5322/- | 1/17 മുതൽ 3/17 വരെ |
| 8 | BF-A14(2) | സൂപ്രണ്ട് ഓഫീസ്,<br>പോസ്റ്റ് ഓഫീസ്, തിരുവനന്തപുരം സൗത്ത്, തൈക്കാട് ഡിവിഷൻ | 1877/- | 4/16 മുതൽ 3/17 വരെ |
| 9 | BF-A15 | സി.റ്റി. അനിൽകുമാർ., അനിൽഭവൻ, | 6973/- | 4/16 മുതൽ 3/17 വരെ |
| 10 | BF-B1 | മെഹബൂബ്, | 1839/- | 4/16 മുതൽ 3/17 വരെ |
| 11 | BF-B2(2) | പ്രഭ പ്രദീപ് | 605/- | 4/16 മുതൽ 3/17 വരെ |

| | | | | |
|---|---|---|---|---|
| 12 | BF-B3 | എം. മുഹമ്മദ് താഹ | 2536/- | 4/16 മുതൽ 3/17 വരെ |
| 13 | BF-B4 | കല | 1150/- | 9/16 മുതൽ 3/17 വരെ |
| 14 | BF-B5 | മുഹമ്മദ് താഹ | 1045/- | 9/16 മുതൽ 3/17 വരെ |
| 15 | BF-B6 | ബിന്ദു ആർ.ജി. | 1970/- | 10/16 മുതൽ 3/17 വരെ |
| 16 | BF-B7 | സുനിൽ ആർ.ജി. | 2712/- | 10/16 മുതൽ 3/17 വരെ |
| 17 | BF-B7A | രവീന്ദ്രൻ പിള്ള കെ | 688/- | 3/17 |
| 18 | BF-B9 | മെഹബൂബ് | 2128/- | 9/16 മുതൽ 3/17 വരെ |
| 19 | BF-B11 | ബീന. എസ്.കെ. | 3517/- | 1/17 മുതൽ 3/17 വരെ |
| 20 | BF-B10 | ചെയർമാൻ, കേരള ഹെഡ് ലോഡ് വർക്കേഴ്സ് ഡെവലപ്മെന്റ് ബോർഡ് | 2481/- | 11/16 മുതൽ 3/17 വരെ |
| 21 | BF-B14 | എച്ച്. ശശി | 1170/- | 11/16 മുതൽ 3/17 വരെ |
| 22 | BF-B15(A) | ബോസ് | 1180/- | 2/16 മുതൽ 3/17 വരെ |
| 23 | BF-C2 | എൻ. ഷാജി | 768/- | 9/12 മുതൽ 3/17 വരെ |
| 24 | BF-C3 | ജെ.എസ്. കലാദേവി | 1924/- | 4/16 മുതൽ 1/17 വരെ |
| 25 | BF-C4(1) | എ.പി. ജിനൻ | 545/- | 9/16 മുതൽ 1/17 വരെ |
| 26 | BF-C4(2) | പി. രാജേന്ദ്രൻ | 575/- | 3/17 |
| 27 | BF-C6 | ക്രിസ്തു ദാസ് | 3395/- | 4/16 മുതൽ 3/17 വരെ |
| 28 | BF-C7 | പ്രജീഷ് കുമാർ. | 3740/- | 3/15 മുതൽ 3/17 വരെ |

| | | | | |
|---|---|---|---|---|
| 29 | BF-D2(1) | പി. ദാമോദരൻ | 2360/- | 12/13 മുതൽ 3/17 വരെ |
| 30 | BF-C11 | ബാലരാജ് ഡി | 254/- | 1/17മുതൽ 3/17 വരെ |
| 31 | GF-A1 (shelter portion) | ഡബ്ല്യൂ.കെ. ഷെർമർവിൽസ് | 2385/- | 12/16 മുതൽ 3/17 വരെ |
| 32 | GF-A2 | അനിൽകുമാർ. എസ്. | 9742/- | 1/17 മുതൽ 3/17 വരെ |
| 33 | GF-A6(2) | കെ.എസ്. അനു. | 5656/- | 9/16 മുതൽ 3/17 വരെ |
| 34 | GF-A7 | സഞ്ചയ് | 11784/- | 9/13 മുതൽ 4/14 വരെ |
| 35 | GF-A8 | ഷേക്സ്പിയർ | 8425/- 8760/- | 5/14 മുതൽ 3/17 വരെ |
| 36 | GF-A9 | ഷേക്സ്പിയർ | 4310/- 4741/- | 6/15 മുതൽ 10/16 വരെ |
| 37 | GF-A11(1) | ഷാജി.എൻ. | 1676/- | 11/16 മുതൽ 3/17 വരെ |
| 38 | GF-A11(5) | വി.എസ്. ബിന്ദു. | 3623/- | 2/17 മുതൽ 3/17 വരെ |
| 39 | GF-A12(1) | ഷേക്സ്പിയർ | 8304/- | 2/17 മുതൽ 3/17 വരെ |
| 40 | GF-A13 | ഷേക്സ്പിയർ | 13179/- | 6/15 മുതൽ 3/17 വരെ |
| 41 | GF-A14, GF A15 | ത്രിവേണി സ്റ്റോർ | 12579/- | 6/16 മുതൽ 3/17 വരെ |
| 42 | GF-A19 | എൻ. ഷാജി. | 5535/- 6088/- | 3/16 മുതൽ 10/16 വരെ 11/16 മുതൽ 3/17 വരെ |

| | | | | |
|---|---|---|---|---|
| 43 | GF-A16(2), 17, 18 | സപ്ലൈകോ സൂപ്പർമാർക്ക് | 10671/- | 3/17 |
| 44 | GF-A21 | ട്രഷറർ, സി.എസ്.ഐ. | 2081/-<br>2289/- | 11/15 മുതൽ 2/17 വരെ<br>3/17 |
| 45 | GF-A22 | വൈ. സന്തോഷ് കുമാർ. | 1982/- | 1/17 മുതൽ 3/17 |
| 46 | GF-A23 | രണദേവൻ | 3102/- | 9/16 മുതൽ 3/17 വരെ |
| 47 | GF-C2 | കെ. ഗോപകുമാർ | 1067/-<br>1174/-<br>1291/- | 5/11 മുതൽ 1/14 വരെ<br>2/14 മുതൽ 1/17 വരെ<br>2/17 മുതൽ 3/17 വരെ |
| 48 | GF-C3 | എസ്. ഷേക്സ്പിയർ | 1000 | 8/16 മുതൽ 3/17 വരെ |
| 49 | GF-C4 | എസ്. ഷേക്സ്പിയർ | 1450/- | 1/15 മാതൽ 3/17 വരെ |
| 50 | GF-C6 | എ. ഷാജി | 6600 | 2/17 മുതൽ 3/17 വരെ |
| 51 | GF-C8 | സി. സരസ്വതി | 1211/- | 3/17 |
| 52 | GF-C9 | വി. പ്രദീപ് കുമാർ | 1050/- | 2/17 മുതൽ 3/17 വരെ |
| 53 | GF-C11 | കെ. അജയൻ | 550/- | 11/16 മുതൽ 3/17 വരെ |
| 54 | FF-S1 | റ്റി. വിജയകുമാർ | 980/- | 2/17 മുതൽ 3/17 വരെ |
| 55 | FF-S2 | ഷാൻ വർഗ്ഗീസ് | 2892/- | 11/16 മുതൽ 3/17 രവെ |
| 56 | FF-S6(20 $m^2$ ) | കെ.എസ്. അന | 3400/-<br>3740/- | 4/15 മുതൽ 2/16 വരെ<br>3/16 മുതൽ 3/17 വരെ |

| | | | | |
|---|---|---|---|---|
| | | | | |
| 57 | FF-S6(25m$^2$) | കെ.എസ്. അനു | 2269/-<br>2496/- | 3/15 മുതൽ 8/16 വരെ<br>9/16 മുതൽ 3/17 വരെ |
| 58 | FF-S6(23m$^2$) | കെ.എസ്. അനു. | 2420/- | 10/14 മുതൽ 3/17 വരെ |
| 59 | FF-(Open space) | ആർ. സജി. | 700/- | 10/16 മുതൽ 3/17 വരെ |
| 60 | FF- | മജിസ്ട്രേറ്റ് കോടതി | 15000/- | 11/16 മുതൽ 3/17 വരെ |

## **2-11(iii)** ഡെപ്പോസിറ്റ് തുക ഈടാക്കാത്തത്

| ക്രമ നം. | സ്റ്റാൾ നം. | ഉടമയുടെ പേര് | ഡെപ്പോസിറ്റ് തുക | പകരം പലിശ ഈടാക്കുന്നത് |
|---|---|---|---|---|
| 1 | BF A1 A2 A3 Da | സുനിതാ കുമാരി. എസ്.എസ്. | 106000 | 10040 |
| 2 | BF A4 | ടി | 25000 | 3230 |
| 3 | BF A8 | മുഹമ്മദ് റിസ് വാൻ | | 3000 |
| 4 | BF A10(A) | പി. ബിനു കുമാർ | 100000 | 1910 |
| 5 | BF A10(B) | എ. ടിങ്കു | 100000 | 1425 |
| 6 | BF A15 | സി.റ്റി. അനിൽകുമാർ | 91200 | 3648 |
| 7 | BF B5 | എം. മുഹമ്മദ് താഹ | രേഖപ്പെടുത്തിയിട്ടില്ല. | 500 |
| 8 | BF B9 | മെഹബൂബ് | “ | 1000 |

| | | | | |
|---|---|---|---|---|
| 9 | BF C2 | എൻ. ഷാജി. | " | 318 |
| | BF C7 | പ്രജീഷ് കുമാർ. എം. | " | 1400 |
| | BF D2(1) | പി. ദാമോദരൻ നായർ | " | 1130 |
| | GF A2 | അനിൽകുമാർ. എസ്. | " | 5870 |
| | GF A 8 | ഷേക്സ്പിയർ | " | 5080 |
| | GF A12(1) | " | " | 5400 |
| | GF A13 | " | " | 6500 |
| | GF A6(2) 17 18 | സപ്ലൈകോ സൂപ്പർമാർക്കറ്റ് | " | 8368 |
| | GF A 19 | ഷാജി. എം. | " | 3001 |

റെന്റ് ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വർഷങ്ങളായി വാടകക്കാരിൽ നിന്നും ഡെപ്പോസിറ്റ് തുക ഈടാക്കാതെ വരുന്നു. ഡെപ്പോസിറ്റ് തുക ഈടാക്കാതെ വരുന്നു. ഡെപ്പോസിറ്റ് തുകയ്ക്ക് ആനുപാതികമായി ഡെപ്പോസിറ്റ് തുകയുള്ള പലിശ പ്രതിമാസ വാടകയോടൊപ്പം ഈടാക്കി വരുന്നു. ആയത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-12 ഡി & ഒ ലൈസൻസ് - അപാകതകൾ

ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2015-16) ലൈസൻസ് എടുക്കാതിരുന്നതിനാൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങൾക്കുപോലും ഈ സാമ്പത്തിക വർഷം (2016-17) ലൈസൻസ് എടുത്തതായി കാണുന്നില്ല.

ഉദാ. (1) നെയ്യാറ്റിൻകര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വാർഡ് XVIII, കെട്ടിട നമ്പർ 374 എ, ബി.

(2) ബാലചന്ദ്രൻ. കെ., വാർഡ് V കെട്ടിട നമ്പർ 57 ക്യു.

(ബി) ഭൂരിഭാഗം അപേക്ഷകളിലും അപേക്ഷാഫാറം മാത്രമാണുള്ളത്. അനുബന്ധ രേഖകളില്ല.

ഉദാ.

| സ്ഥാപനം | ആവശ്യമായ സാക്ഷ്യപത്രം/അനുമതിപത്രം സമ്മതപത്രം |
|---|---|
| 1) സജി ബേക്കറി, രതകുമാർ, ശ്രീരാഗം, ഉദിയൻകുളങ്ങര | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് |
| 2) ടീസ്റ്റാൾ, റാണി അക്ഷയ കൊംപ്ലക്സ് | “ |
| 3) അയ്യപ്പാ ഹോട്ടൽ, അയ്യപ്പൻ സി, എൻ.എം.സി. XIII 399G | “ |
| 4) ബേക്കറി, കുമാർ. ആർ., നാഗം കോട്ട് വീട്, നിലമേൽ | “ |
| 5) ചപ്പാത്തിക്കട, മഹേശ്വരി . വി, പൂമുറ്റം ഹൗസ്, യു.പി. ചപ്പാത്തി കോർണർ | “ |
| 6) അനാമിക ലാബ് & റിസർച്ച് സെന്റർ, അനു എസ്., മൂന്നുകല്ലിൻമൂട് | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |

| | |
|---|---|
| 7) ആയുർ ആരോഗ്യ നാച്ചുറോപ്പതി,<br>ഡോ ചൈത്ര സി.എസ്., കൃഷ്ണൻകോവിലിന് സമീപം, നെയ്യാറ്റിൻകര | " |
| 8) മോർഗാൻ സർവ്വീസ് , അജികുമാർ. എസ്., NMC XV/449/A B | " |
| 9) ഇന്ത്യൻ ഓയിൽപമ്പ്, എസ്.കെ. സുനിൽ, എൻ.എം.സി. XIII/380-GH | " |
| 10) എസ്. കോമളം, ലക്ഷ്മി നിവാസ്, ആലംപൊറ്റ, പെരുമ്പഴുതൂർ, =PPIV/1025 | പെട്രോളിയം എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ |
| 11) കൃഷ്ണൻകുട്ടി, മേലേമഠം വീട്, പെരുമ്പഴുതൂർ, PPIV/948-A | ഉടമസ്ഥന്റെ സമ്മതപത്രം |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 ന് ലഭ്യമായ മറുപടി തൃപ്തികരമല്ല. വ്യാപാരസ്ഥാപനം രജിസ്റ്റർ ചെയ്യുന്ന സമയത്തെ സമ്മതപത്രം/ സാക്ഷ്യപത്രം/അനുമതി പത്രം/അനുബന്ധ രേഖകൾ രജിസ്ട്രേഷൻ പുതുക്കുന്ന സമയത്ത് ബാധകമാണെങ്കിൽ പകർപ്പ് ഫയലിൽ നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്.

(സി) <u>ലൈസൻസ് ഫീസ് കാലികമായി പരിഷ്കരിക്കുന്നില്ല.</u>

മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ വകുപ്പ് 22.1.1998ന് നെയ്യാറ്റിൻകര നഗരസഭയ്ക്കായി

പുറപ്പെടുവിച്ച എച്ച്.1/6169/96-ാം നമ്പർ വിജ്ഞാപനപ്രകാരമാണ് ഇപ്പോഴും ഫീസ് ഈടാക്കുന്നത്. വിജ്ഞാപനം നിലവിൽ വന്ന് 20 വർഷമായിട്ടും ഫീസ് നിരക്ക് നാളിതുവരെയും പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ ചില സ്ഥാപനങ്ങൾക്ക് വിജ്ഞാപനത്തിലെ നിരക്കിലും ഉയർന്ന ഫീസ് ഈടാക്കേണ്ടിവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി ആട്ടോ മൊബൈൽ സ്പെയർ പാർട്ട്സ് സാധനങ്ങൾ നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുന്നതിന് പരമാവധി 250/- രൂപയാണ് ഈടാക്കാവുന്നത്. എന്നാൽ ശ്രീ. ഗോപകുമാർ, XVI/21B, ശ്രീ. ആന്റണി എ.വി., XVI/23F എന്നിവർക്ക് യഥാക്രമം 350/- , 500/- രൂപ നിരക്കിൽ ഫീസ് ഈടാക്കി കാണുന്നു. ആയതിനാൽ പുതിയ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് ഫീസ് നിരക്കുകൾ കാലികമായി പരിഷ്കരിക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

(ഡി) ഡി & ഒ രജിസ്റ്ററിൽ സ്ഥാപനം നടത്തുന്ന വ്യക്തികളുടെ പേരും വിലാസവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്താത്തതിനാൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാനാവുന്നില്ല. സ്ഥാപനത്തിന്റെ പേര് ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് 2015-16ലെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശം പാലിച്ചു കാണുന്നില്ല.

## 2-13 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും

സ്വകാര്യ ആശുപത്രികളുടേയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും ലൈസൻസ് സംബന്ധിച്ച് സൂക്ഷിക്കുന്ന രജിസ്റ്റർ നിർദ്ദിഷ്ട മാതൃക (ഫാറം 2) യിലുള്ളതല്ല. നിലവിൽ സ്ഥാപനത്തിന്റെ പേരും ഉടമസ്ഥന്റെ പേരും, കെട്ടിട നമ്പറും ഈടാക്കിയ തുകയും മാത്രമാണ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ പേരും വിലാസവും, രജിസ്ട്രേഷൻ നമ്പർ, രജിസ്റ്റർ ചെയ്ത തീയതി/രജിസ്ട്രേഷൻ പുതുക്കിയ തീയതി, നടത്തിപ്പുകാരന്റെ പേരും വിലാസവും, സ്ഥാപനം ആരംഭിക്കുന്ന (ആരംഭിച്ച തീയതി) ആശുപത്രിയാണെങ്കിൽ കിടക്കകളുടെ എണ്ണം, സ്ഥാപനത്തിൽ ജോലി നോക്കുന്ന ഡോക്ടർമാരുടെ/മറ്റു ജീവനക്കാരുടെ എണ്ണം, പരിശീലന കേന്ദ്രങ്ങളുടെ കാര്യത്തിൽ പരിശീലനം നൽകുന്ന വിഷയങ്ങൾ, പരിശീലന സൗകര്യങ്ങൾ, പരിശീലനാർഥികളുടെ എണ്ണം എന്നിവ രജിസ്ട്രേഷൻ ഫീസ്/രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീൽസ് ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ, റിമാർക്സ് എന്നിവ ഉൾപ്പെട്ട ഫാറം 2ൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1994ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 311 മുതൽ 314 വരെ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ടി സ്ഥാപനങ്ങളെ സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-14 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1994ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 507 പ്രകാരം ഒരു മുൻസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. എന്നാൽ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി

പ്രദേശത്ത് താഴെപ്പറയുന്നവ ഉൾപ്പെടെ നിരവധി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ച വരുന്നു.

1) ബ്രില്ല്യൻസ് കോളേജ്, പി.എസ്.സി. കോച്ചിംഗ് സെന്റർ, നെയ്യാറ്റിൻകര

2) TALENT, -ടി-

3) SUCCESS -ടി-

4) SMART -ടി-

5) ലക്ഷ്യം -ടി-

6) cybo tech കമ്പ്യൂട്ടർ സെന്റർ, നെയ്യാറ്റിൻകര

രജിസ്റ്റർ ചെയ്യാത്ത സ്ഥാപനത്തിന്മേൽ വകുപ്പ് 508 പ്രകാരം പിഴശിക്ഷ ചുമത്താവുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ - അംഗീകാരം ലഭിച്ചത് 181 – നടപ്പിലാക്കിയത് 108

2016-17 സാമ്പത്തിക വർഷത്തിൽ ആകെ 181 പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്. എന്നാൽ 108 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. (ആകെ വകയിരുത്തിയത് 113916607/- രൂപ, ചെലവഴിച്ചത് 61893443/- രൂപ) ആരോഗ്യ/വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ജനറൽ ആശുപത്രിയ്ക്ക് മുൻവർഷം വിശ്രമ കേന്ദ്രം, സ്കൂളിനു അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, സ്കൂളിനു കവാടം നിർമ്മാണം, കുടിവെള്ള പദ്ധതി തുടങ്ങിയവ അംഗീകാരം വാങ്ങിയ ശേഷം നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ നഗരസഭയുടെ ഭാഗത്തു നിന്നും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### 3-2 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

മാർഗ്ഗരേഖാ സ.ഉ.(എം.എസ്.)14/ത.സ്വ.ഭ.വ. 10.1.2016/115(1) & 11.5(III) പ്രകാരം ഓരോ തദ്ദേശസ്വഭംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും നിർബന്ധമായും തയ്യാറാക്കുകയും, റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പം റോഡ് ആക്ടിവിറ്റി മാപ്പിൽ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് അടിയന്തിരമായി തയാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 3-3 പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. നടപടി കൈക്കൊള്ളേണ്ടതാണ്

പ്രോജക്ട് നം. SO161/17, ഡ്രൈവിംഗ് പരിശീലനം വനിതകൾക്ക് (എസ്.സി.)

നിർവഹണം : എസ്.സി. ഡെവലപ്മെന്റ് ഓഫീസർ

തുക : 200000/- (വികസന ഫണ്ട്)

ബിൽ നം. : 189/2017 തീയതി 30.3.2017 തുക 199600/-

മേൽ പദ്ധതി പ്രകാരം നഗരസഭാ പരിധിയിൽ വരുന്ന ഇരുപത് എസ്.സി. വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുവാനായി 200000/- രൂപ വകയിരുത്തുകയുണ്ടായി. ആയതിൻ പ്രകാരം എസ്.ആർ. ഡ്രൈവിംഗ് സ്കൂളിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും പദ്ധതി കരാർ പ്രകാരം ആകെ 20 പേർക്കും ലൈസൻസ് എടുത്തു നൽകാമെന്ന് എസ്. ആർ. ഡ്രൈവിംഗ് സ്കൂളിന്റെ ഉറപ്പ് നൽകുകയുണ്ടായി. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ നിന്നും നാളിതുവരെ ആകെ നാലു പേർക്ക് മാത്രമാണ് ലൈസൻസ് ലഭ്യമാക്കുകയുണ്ടായത്. ഒരാൾക്ക് 9980/- രൂപ നിരക്കിൽ ആകെ 199600/- രൂപ ചെലവാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ നഗരസഭയുടെ ഭാഗത്ത് നിന്നും സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-4 വർക്കേഴ്സ് വെൽഫെയർ ഫണ്ട് പിരിച്ച് ഒടുക്കുന്നില്ല. - നടപടി കൈക്കൊള്ളേണ്ടതാണ്

1996ലെ കെ.എം.ബി.ആർ. പ്രകാരം വർക്കേഴ്സ് വെൽഫെയർ സെസസ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിക്കുന്നത തുകയുടെ ഒരു ശതമാനം പിരിച്ചെടുത്ത് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുകയുണ്ടായില്ല. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ നടപ്പിലാക്കിയ 108 പദ്ധതികൾക്കായി 61893443/- രൂപ ചെലവഴിക്കുകയുണ്ടായി. ഈ ഇനത്തിൽ തൻവർഷം ആകെ 6189/- രൂപ തനത് ഫണ്ടിലേയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ നഗരസഭയുടെ ഭാഗത്ത് നിന്നും തുക പിരിച്ച് ഒടുക്കു വരുത്തുവാൻ നടപടി കൈക്കൊള്ളേണ്ടതാണ്.

## 3-5 വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം -പദ്ധതി ലക്ഷ്യം കണ്ടില്ല. 13000/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം SO207/17

നിർവ്വഹണോദ്ധ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ

അടങ്കൽ : 5,00,000/- (വികസന ഫണ്ട്)

ചെലവ് : 13000/-

ബിൽ നം 26/2016-17 തീയതി 30.03.2017

26.09.2016-ൽ ഡി.പി.സി അംഗീകരിച്ച നെയ്യാറ്റിൻകര നഗരസഭയിൽ നടപ്പിലാക്കിയ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം എന്ന പദ്ധതിയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വിഭാവനം ചെയ്ത പദ്ധതി അതിന്റെ ലക്ഷ്യം പൂർത്തീകരിച്ചില്ല.

വനിതകൾക്ക് ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനം നൽകുന്നതിലേയ്ക്കായി എസ്.ആർ മോട്ടോർ ഡ്രൈവിംഗ് സ്കൂൾ നെയ്യാറ്റിൻക്കര എന്ന സ്ഥാപനം ഒരാൾക്ക് 6500/- രൂപ നിരക്കിൽ ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് എടുത്തുകൊടുക്കാമെന്ന സമ്മതത്തിന്മേൽ രണ്ടു വിദ്യാർത്ഥികൾക്ക് (ശ്രീമതി റാണി, കണ്ണിൻകുളം വയലിൻകര വീട്,അതിയന്നൂർ. ശ്രീമതി ശാന്തി.വി, കെ.എസ്.ഭവൻ,ആശാൻവിള, ഫോർട്ട് വാർഡ് നെയ്യാറ്റിൻകര) പരിശീലനം നൽകിയ വകയിൽ 13000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ടി വ്യക്തികൾ പരിശീലനം പൂർത്തിയാക്കിയോ എന്നുള്ള ഓഡിറ്റ് എൻക്വയറി നം 5 നുള്ള മറുപടിയിൽ ടി വ്യക്തികൾ പരിശീലനം പൂർത്തിയാക്കിയില്ലായെന്ന് അറിയിച്ചിരിക്കുന്നു.ആയതിനാൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.അതിനാൽ ചെലവായ തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അതു ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമാണോയെന്നു പരിശോധിച്ചു മാത്രം നടപ്പിലാക്കുവാൻ ഭരണസമിതി അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകൾ- വ്യക്തമായ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

തൻവർഷം കൃഷി ഓഫീസർ (നെയ്യാറ്റിൻകര) മൂന്ന് പ്രോജക്ടുകളാണ് നടപ്പാക്കിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. (പേര്) | അടങ്കൽ | ചെലവ് |
|---|---|---|
| 52/17 (സമഗ്രവാഴ കൃഷി പദ്ധതി) | 1195825 (വികസന ഫണ്ട് (ജനറൽ) 887225(ഗുണഭോക്തൃവിഹിതം) | 1195825 |
| 60/17 (ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം) | 1725000 (വികസന ഫണ്ട് (ജനറൽ) 575000(ഗുണഭോക്തൃവിഹിതം) | 825000 |
| 165/17 (ഫലവൃക്ഷത്തൈ വിതരണം) | 100000 (വികസന ഫണ്ട് (ജനറൽ)) 34000(ഗുണഭോക്തൃവിഹിതം) | 6000 |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു

1. ഗുണഭോക്തൃവിഹിതം പിരിക്കുന്നതിലേക്കായി തൻവർഷം 15 രസീത്ബുക്കുകളാണ് കൃഷി ഓഫീസർ(നെയ്യാറ്റിൻകര)-ക്ക് ഇഷ്യൂ ചെയ്തിട്ടുള്ളത്. ഇതിൽ 219-ാം നം. രസീത്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല
2. 218,220,221 നമ്പർ രസീതു ബുക്കുകൾ 2017-18 സാമ്പത്തികവർഷത്തെ പിരിവിനായാണ് ഉപയോഗിച്ചിട്ടുള്ളത്.
3. 2016-17 സാമ്പത്തികവർഷത്തെ ഗുണഭോക്തൃവിഹിതം പിരിക്കാനുപയോഗിച്ച 160,161,162,169 നം. രസീത്ബുക്കുകൾ 2017-18 സാമ്പത്തികവർഷത്തേക്ക് ഇഷ്യൂ ചെയ്തിട്ടുള്ളതുമാണ്. 156,302 നം. രസീത്ബുക്കുകൾ മുൻവർഷങ്ങളിൽ ഇഷ്യൂ ചെയ്തിട്ടുള്ളതാണ്
4. രസീത്ബുക്കുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല
5. ക്യാൻസൽ ചെയ്യുന്ന രസീതുകളുടെ ഒറിജിനൽ സൂക്ഷിക്കുന്നില്ല
6. ഓരോ പ്രോജക്ടിനുമായി തൻവർഷം പിരിച്ചെടുത്ത തുകയുടെ കൃത്യത പരിശോധിക്കാൻ ഹാജരാക്കിയ രേഖകൾ പ്രകാരം 8,53,625/- രൂപ മുനിസിപ്പാലിറ്റിയിൽ ഒടുക്കിയിരിക്കുന്നു.

പരിശോധനയ്ക്ക് ഹാജരാക്കിയ രസീത് ബുക്കുകൾ(211 മുതൽ 217 വരെ, 222 മുതൽ 225 വരെ, 156, 160, 161, 162, 169,302) പ്രകാരം 9,64,250/-രൂപ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിരിക്കുന്നു. എന്നാൽ 8,53,625/- രൂപ മുനിസിപ്പാലിറ്റിയിൽ ഒടുക്കിയതിന്റെ രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഓരോ പ്രോജക്ടിനുമായി തൻവർഷം പിരിച്ചെടുത്ത തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(17/26.08.17) ഗുണഭോക്തൃവിഹിതമായി സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പെടെയുള്ളവയ്ക്ക് പിരിച്ചെടുത്ത തുകകൂടി ഉൾപ്പെട്ടതിനാലാകാം ഇത്തരത്തിൽ വ്യത്യാസം ഉണ്ടായതെന്നും, 2016-17 വർഷത്തിൽ നടപ്പാക്കിയ പ്രോജക്ടിനായി സമാഹരിച്ച ഗുണഭോക്തൃവിഹിതത്തിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമർപ്പിക്കാമെന്നു അറിയിച്ചിരിക്കുന്നു.

വ്യക്തമായ രേഖകളുടെ അഭാവത്തിൽ മൂന്ന് പ്രോജക്ടുകൾക്കുമായി ചെലവായ 20,26,825/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- അപാകതകൾ

i. മരുന്ന് ലഭ്യമായില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. : 131/17 (ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ : 4,00,000/- (മെയിന്റനൻസ് ഫണ്ട് (നോൺറോഡ്))

ചെലവ് : 4,00,000/-

ബിൽ നം. :1/16-17 തീയതി.27.02.017

മെഡിക്കൽ ഓഫീസർ(ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് പ്രകാരം 4,00,000/- രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. ഇതിൽ 47,927/- രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളു. മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കുന്നതിലേക്കായി 3,52,073/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ii. സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

പ്രോജക്ട് നം. : 279/17 (ഹോമിയോ ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ)

അടങ്കൽ : 3,00,000/- (മെയിന്റനൻസ് ഫണ്ട്(നോൺറോഡ്))

ചെലവ് : 3,00,000/-

ബിൽ നം.2/16-17 തീയതി.28.03.017

പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്കാവശ്യമായ ഉപകരണങ്ങൾ കെ.എസ്.ഐ.ഇ.ബിസിനസ്സ് ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു. ഇതിൽ 29 Nilkamal പ്ലാസ്റ്റിക്ക് കസേരകളും (11,484/-), ഒരു 'ONIDA' LED TV (44,000/-) യും ഉൾപ്പെട്ടിട്ടുണ്ട്. 02.12.2016-ലെ 3299/2016/ത.സ്വ.ഭ.വ നം. സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ പ്രസ്തുത സ്ഥാപനം സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിനുവിരുദ്ധമായിട്ടാണ് മേൽ ചെലവ് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 മരുന്നു ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.. : 139/17 (പാലിയേറ്റീവ് കെയർ യൂണിറ്റ്)

അടങ്കൽ : 15,00,000/-

ചെലവ് : 14,48,000/-

ബിൽ നം. 1/16-17 തീയതി.27.12.016

2/16-17 തീയതി.10.01.2017

3/16-17 തീയതി.22.03.17

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവേദ മരുന്നുകൾ വാങ്ങുന്നതിലെയ്ക്കായി 75,000/- രൂപ ഔഷധിക്ക് 24.04.2017 നൽകിയെങ്കിലും നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. ആകയാൽ 75000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 500000/-(SCP) | | UC കിട്ടിയിട്ടില്ല |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 4600000/-(GEN) | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്. സി | K.Dis.b5/7216 /2001/23/2001 | 10,26,30,109/- | 46,93,50,993/- | 1,25,78,503/- | * 45,67,72,490/- |
| ഇ.എം. എസ് | സ.ഉ.(എംഎസ്) 306/2011/ ത.സ്വ.ഭ.വ | 5,00,00,000/- | 2,00,00,000/- | 50,00,000/- | 1,50,00,000/- |

* വാർഷികധനകാര്യപത്രിക B5 ഷെഡ്യൂൾ പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 46,93,50,993/-

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10644520 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,06,44,520 |
| തന്നാണ്ടിൽ പിൻവലിച്ച തുക | * |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 66,25,344 |

* തൻവർഷം പിൻവലിച്ച സ്ഥിരനിക്ഷേപം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം തീയ്യതി |
|---|---|---|---|---|
| 2011-12<br>2012-13 | 3.8 | 1599333/-<br>* | സനൽകുമാർ<br>എൽഡിസി<br>മൃഗസംരക്ഷണവകുപ്പ് | 169/2.05.2016<br>211/12.8.16<br>4/8.02.17<br>1/2.03.17 |

* വാർഷികധനകാര്യപത്രിക RP-29 പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിലെ വരവ് 1124333/- രൂപയാണ്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 54 | 2003-04 | 6.1.1 | പദ്ധതി തുക വകമാറ്റിയത് | |
| 1999-00 | 59 | 2003-04 | 6.1.2 | താലൂക്ക് ആശുപത്രിയിൽ പൈറലേറ്റർ സ്ഥാപിച്ചത് | |

| | | | | | |
|---|---|---|---|---|---|
| 1999-00 | 62 | 2003-04 | 6.1.3 | മരാമത്ത് പ്രവൃത്തികൾ | |
| 1999-00 | 63 | 2003-04 | 6.1.4 | ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ | |
| 1999-00 | 64 | 2003-04 | 6.1.5 | കുടിവെള്ള പദ്ധതികൾ | |
| 1999-00 | 80 | 2003-04 | 6.1.6 | ലേലം | |
| 1999-00 | 94 | 2003-04 | 6.1.7 | മണൽ ലേലം | |
| 1999-00 | 95 | 2003-04 | 6.1.8 | ഷോപ്പിംഗ് കോംപ്ലക്സ് | |
| 2000-01 | 2.28 | 2005-06 | 6.1 | മെറ്റലിംഗ്, ടാറിംഗ് | |
| 2000-01 | 2.23 | 2005-06 | 6.2 | വകമാറ്റി ചെലവ് | |
| 2000-01 | 2.35 | 2005-06 | 6.3 | റോഡ് നിർമ്മാണം | |
| 2001-02 | 2.12 | 2006-07 | 4.6.1 | അക്ഷയ കോംപ്ലക്സ് | |
| 2001-02 | 2.13.3 | 2006-07 | 4.6.2 | അക്ഷയ കോംപ്ലക്സ് | |
| 2014-15 | 6-1 | 2014-15 | 6-1 | തൊഴിൽരഹിത വേതനം 13.35 ലക്ഷം രൂപയുടെ പണാപഹരണം | തുടർനടപടികൾ സ്വീകരിച്ചുവരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം (വാർഷിക ധനകാര്യപത്രികപ്രകാരം)*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 299023588/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 288983405/- |
| വരവിനങ്ങളിലുള്ള നഷ്ടം | 57204/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13000/- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2453898/- |

*(ബി) <u>നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 57204 | | ശ്രീ.ശ്രീകാന്ത്.എ.എസ്, മുനിസിപ്പൽ സെക്രട്ടറി |
| 3-5 | | 13000 | ശ്രീ.അജി.ആർ, പ്രോജക്ട് ഓഫീസർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 2026825 | ശ്രീ.കെ.എം.അനിൽകുമാർ, കൃഷിഓഫീസർ (നെയ്യാറ്റിൻകര) |
| 3-7 | 352073 | ഡോ.പത്മകുമാരി.പി.ആർ, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 3-8 | 75,000/- | ഡോ.ലിനി.എം.എസ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |

*(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>*

ഇല്ല

*(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>*

ഇല്ല

*(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | |
| ശ്രീ.ശ്രീകാന്ത്.എ.എസ്, മുനിസിപ്പൽ സെക്രട്ടറി | | ചാമവിള, വടക്കതിൽ ക്ഷനയിൽ (എൽ.പി.എസ്-ന് സമീപം), പരവൂർ.പി.ഒ, കൊല്ലം |
| ശ്രീ.അജി.ആർ,<br>പ്രോജക്ട് ഓഫീസർ | | പടിഞ്ഞേറേക്കരപുത്തൻവീട്, കവലോട്ടുകോണം, പെരുകാവ്.പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1996-97 | നം.എൽ.എഫ്.റ്റി.ഡി(എ)4/13/99/ 01.01.1992 | 32 | |
| 1997-98 | നം.എൽ.എഫ്.റ്റി.ഡി(എ)എം.എൽ.476/2000/ 20.12.00 | 36 | |
| 1998-99 | നം..എൽ.എഫ്.റ്റി.ഡി.എം.എൽ.241/01/ 15.03.2003 | 31 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.289/ 03/ 13.10.2003 | 57 | |
| 2000-01 (ചെലവ്) | ന.എൽ.എഫ്.റ്റി.ഡി.എം.എൽ.1370/04/ 16.3.2005 | 63 | |
| 2000-01 (ഫൈനൽ) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1637/07/ 16.2.2008 | 34 | |
| 2001-02 (ചെലവ്) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1365/06/ 20.1.07, 14.3.07 | 29 | |
| 2001-02 (ഫൈനൽ) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1636/07/ 7.4.2008 | 30 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1683/07 /7.4.2008 | 28 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1720/2007 | 24 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1584/2009 | 24 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1601/09 /31.03.10 | 25 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.304/11 /13.10.2011 | 24 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.305/11 /13.10.2011 | 33 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.36/12 /17.07.12 | 20 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.37/12/17.7.12 | 18 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1684/12 /22.2.13 | 35 | |

| | | | |
|---|---|---|---|
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14, 18/12/14 | 25 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1901/13 /16.1.14 | 37 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.738/2016/ 18.03.2016 | 42 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.1337/2016/ 12.08.2016 | 34 | |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം.എം.എൽ.122/2016 12.01.17 | 33 | |

1995 – 96 വരെയുള്ള കുടിശ്ശിക സംബന്ധിച്ച വിവരം ലഭ്യമല്ല.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

*ബിഎൽ. 23.9.2017*

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994ലെ കേരള നഗരപാലികാ നിയമത്തിലെ 295(4)-ാം വകുപ്പ് എന്നിവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നെയ്യാറ്റിൻകര നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ ഒഴികെ നെയ്യാറ്റിൻകര നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ന്യൂനതകളുടെ സംഗ്രഹം

ഖണ്ഡിക 2-1-ൽ പരാമർശിച്ചിട്ടുണ്ട്

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.